**അനുബന്ധം**

**കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച്
ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന്
ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി.**

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലാണ് കോന്നി മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. 10-01-2013-ലെ സ.ഉ.(സാധാ)നം.132/2013/ആ.കു.വ പ്രകാരം ഒന്നാംഘട്ട നിർമ്മാണത്തിനായി 167.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് എച്ച്.എൽ.എൽ. ലൈഫ് കെയർ നിയമ പ്രകാരം ടെൻഡർ വിളിച്ച് നാഗാർജ്ജുന കൺസ്ട്രക്ഷൻ കമ്പനി ഹൈദരാബാദിന് നിർമ്മാണച്ചുമതല നൽകുകയും 300 കിടക്കകളുള്ള ടീച്ചിങ് ഹോസ്പിറ്റൽ (32000 ച.മീ.) മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് (16300 ച.മീ.) എന്നിവയാണ് ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ടിരുന്നത്. നിർമ്മാണം പൂർത്തീകരിച്ച് 14-09-2020-ൽ ഒ.പി.-യും 10-02-2021-ൽ ഐ.പി.-യും 01-11-2021-ൽ അത്യാഹിത വിഭാഗവും പ്രവർത്തനമാരംഭിച്ചു. 2023 ഏപ്രിൽ 24-ന് അക്കാഡമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയുണ്ടായി.

05-06-2019-ലെ സ.ഉ.(സാധാ)നം.1352/2019/ആ.കു.വ. പ്രകാരം രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി KIIFB മുഖേന 351.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 200 കിടക്കകൾ കൂടിയുള്ള ആശുപത്രി അക്കാഡമിക് ബ്ലോക്ക് ഫേസ് - 2, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 200 കുട്ടികൾക്ക് താമസിക്കാവുന്ന ബോയ്സ് & 240 കുട്ടികൾക്ക് താമസിക്കാവുന്ന ഗേൾസ് ഹോസ്റ്റലുകൾ, A,B,C,D ക്വാർട്ടേഴ്സുകൾ, 800 സീറ്റുകളുള്ള ഓഡിറ്റോറിയം, മോർച്ചറി, ലോൺട്രി ബ്ലോക്ക്, റോഡ് നിർമ്മാണം. സ്ട്രീറ്റ് ലൈറ്റിങ്, പ്ലേ ഗ്രൗണ്ട്, UGT, ETP, STP എന്നിവ ഉൾപ്പെടുന്നു.

**നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ**

- **ടൈപ്പ് എ & സി ക്വാർട്ടേഴ്സ്** - നിർമ്മാണപ്രവർത്തനം 31-03-2027-ന് പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസിയായ HITES അറിയിച്ചിട്ടുണ്ട്.
- **ഹോസ്പിറ്റൽ ബ്ലോക്ക് 2** - നിർമ്മാണപ്രവർത്തനം 31-03-2027-ന് പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസിയായ HITES അറിയിച്ചിട്ടുണ്ട്.
- **ഓഡിറ്റോറിയം** - നിർമ്മാണപ്രവർത്തനം 31-03-2027-ന് പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസിയായ HITES അറിയിച്ചിട്ടുണ്ട്.

• റോഡ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റിങ്, പ്ലേ ഗ്രൗണ്ട്- നിർമ്മാണപ്രവർത്തനം താമസംവിനാ പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസിയായ HITES അറിയിച്ചിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനത്തിന് തടസ്സമായി നിന്ന പാറകൾ പൊട്ടിച്ചെടുത്തത് നീക്കം ചെയ്താൽ മാത്രമേ ഇന്റേണൽ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനായുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ആധുനിക നിലവാരത്തിലുള്ള ചികിത്സയും വിദ്യാഭ്യാസവും ഉറപ്പാക്കാൻ കഴിയുന്ന കേന്ദ്രമായി കോന്നി മെഡിക്കൽ കോളജിനെ മാറ്റിയെടുക്കാനുള്ള പരിശ്രമങ്ങൾ തുടരുന്നതാണ്.